**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **29-09-2025 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ എത്രയെണ്ണമാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ; എന്നുവരെ ലഭിച്ച അപേക്ഷയിൽ നിയമനം നൽകാൻ സാധിച്ചുവെന്നും നടപ്പുസാമ്പത്തിക വർഷം എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കപ്പെടുന്നതെന്നും വ്യക്തമാക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ ആകെ 19 എണ്ണം നിലവിൽ തീർപ്പാക്കാനുണ്ട്. നടപ്പ് സാമ്പത്തിക വർഷം വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 2 ഒഴിവ് പ്രതീക്ഷിക്കപെടുന്നുണ്ട്. മറ്റ് തസ്തികകളിൽ ഒഴിവുകൾ ഇല്ല. ക്ലാർക്ക് തസ്തികയിൽ 20.03.2020 വരെ ഉള്ള അപേക്ഷകളും, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 24.01.2022 വരെയുള്ള അപേക്ഷകളും, ട്രേഡ്സ്മാൻ തസ്തികയിൽ 17.07.2024 വരെയുള്ള അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | എൻട്രി കേഡറിൽ പുതിയ തസ്തികകൾ നിർണ്ണയിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ പോളിടെക്നിക്/എഞ്ചിനീയറിങ് കോളേജുകളിൽ ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള/അപര്യാപ്തതയുള്ള അദ്ധ്യാപക തസ്തികകളുടെ നിർണ്ണയം നടത്തുന്നതിന് വർക്ക് ലോഡ് അസെസ്മെന്റ് കമ്മിറ്റി രൂപീകരിച്ച് വിവരങ്ങൾ പരിശോധിച്ച റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വർക്ക് ലോഡ് അസെസ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തിൽ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ